ശ്രീ. ആർ. ശങ്കർ : അങ്ങനെയുണ്ടാകുന്ന എല്ലാ കേസുകളെസംബന്ധിച്ചും പോലീസു നടപടികളെപ്പറ്റി തെളിവു ശേഖരിച്ച രീതിയിലും, കേസു നടത്തിയ രീതിയിലും ജഡ്ജ്മെൻറിൽ പരാമർശനം ഉണ്ടാകുന്ന എല്ലാ കേസുകളെസംബന്ധിച്ചും ഗവണ്മെൻറു പ്രത്യേകം നടപടി എടുക്കുന്നതാണു്. തെറ്റു ചെയ്യുന്ന ഉദ്യോഗസ്ഥൻെറ പേരിൽ ആവശ്യമായ ശിക്ഷണനടപടികളും എടുക്കുന്നുമാണു്.

മണ്ണു് ഇടിഞ്ഞുവീണു് മരണമടഞ്ഞവർ

* 395. [2] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഴിയാർ പൗവ്വർഹൗസു് സ്വിച്ചു്യാർഡിനു സമീപം ജോലി ചെയ്തുകൊണ്ടിരുന്ന 5 തൊഴിലാളികളും മണ്ണിടിഞ്ഞുവീണു് മരണമടഞ്ഞ സംഭവത്തെക്കുറിച്ചു് ഗവണ്മെൻറു് അന്വേഷണം നടത്തുകയുണ്ടായോ ;

(ബി) ഉണ്ടെങ്കിൽ അതിൻെറ വിശദവിവരങ്ങളും നൽകുവാൻ ദയവുണ്ടാകുമോ ;

(സി) അവരുടെ കുടുംബങ്ങൾക്കു് എന്തു സഹായം നൽകി ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) സ്റ്റേറ്റു ഇലക്ട്രിസിറ്റി ബോർഡു അതിനെപ്പറ്റി അന്വേഷണം നടത്തി വിവരം ഗവണ്മെൻറിനെ അറിയിക്കുകയുണ്ടായി.

(ബി) 1953 ഡിസംബർ 14—ാം തീയതി 10·30—നു് മുഴിയാർ പവ്വർ ഹൗസു് സ്വിച്ചുയാർഡിനുസമീപം മണ്ണിടിഞ്ഞുവീണു ജോലിചെയ്തുകൊണ്ടു് നിന്നിരുന്ന പത്തു തൊഴിലാളികളും മണ്ണിനടിയിലായി. അതിൽ 5 തൊഴിലാളികളും മൃതിയടഞ്ഞു ; 5 പേർക്കു നിസ്സാരമായ പരിക്കുകളും പറ്റി.

(സി) പ്രസ്തുത ജോലി നടത്തിയിരുന്നതു് കൺട്രാക്ടർ ശ്രീ. സി. എം. ജോസഫാണു്. വർക്കുമെൻസു് കാമ്പൻസേഷൻ ആക്ടുപ്രകാരം നഷ്ടപരിഹാരം നൽകേണ്ടതു് കൺട്രാക്ടരാണു്. നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികളും ത്വരിതപ്പെടുത്താൻ കൺട്രാക്ടർക്കു പ്രത്യേകം നിർദ്ദേശം നൽകിയിട്ടുണ്ടു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : കൺട്രാക്ടർമാർ നഷ്ടപരിഹാരം നൽകുന്നതിനു് നിയമപരമായ നടപടികളും നടത്തിവരുമ്പോൾ കാലതാമസവും കഴപ്പുങ്ങളും ഉണ്ടാകാറുണ്ടു്. അതുകൊണ്ടു് ഇത്തരത്തിലുള്ള അത്യാഹിതങ്ങളും സംഭവിക്കുമ്പോൾ ഗവണ്മെൻറിൽനിന്നു് എന്തെങ്കിലും അടിയന്തിരാശ്വാസം നൽകുന്ന പതിവുണ്ടു്. അവിടെ മരിച്ച തൊഴിലാളികളുടെ കുടുംബത്തിനു് അങ്ങനെ എന്തെങ്കിലും സഹായം നൽകുമോ ?

ശ്രീ. ആർ. ശങ്കർ : വർക്കുമെൻസു കാമ്പൻസേഷൻ ആക്ടനുസരിച്ചു് അവർക്കു നഷ്ടപരിഹാരം കിട്ടാൻ അർഹതയുണ്ടോ ഇല്ലയോ എന്നു പരിശോധിച്ചശേഷം എന്തെങ്കിലും സാങ്കേതികതടസ്സംമൂലം സഹായം ലഭിക്കുകയില്ലെന്നു കണ്ടാൽ, അപ്പോഴും ഗവണ്മെൻറു അതിൽ ഇടപെടുകയും പ്രത്യേകം എക്സ്ഗ്രേഷ്യാ സഹായം നൽകുകയും ചെയ്യും. ഇപ്പോഴും വർക്കുമെൻസു കാമ്പൻസേഷൻ ആക്ടുപ്രകാരം സഹായധനം നൽകാനുള്ള നടപടി നടന്നുകൊണ്ടിരിക്കുകയാണു്.

ശ്രീ. എസ്. കുമാരൻ : ആ പ്രദേശത്തു് ഇതിനുമുൻപും ഇങ്ങനെ അപകടങ്ങൾ ഉണ്ടായിട്ടുണ്ടു്. അതിനു കാരണമെന്താണെന്നു വല്ല അന്വേഷണവും നടത്തിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ : അവിടെ അങ്ങനെ സംഭവിക്കുന്നതിനു മുഖ്യമായ കാരണം, മണ്ണിനടിയിൽ കാണാൻസാധിക്കാത്ത രീതിയിൽ വലിയ boulders ഉണ്ട്. മണ്ണ് നീക്കികഴിഞ്ഞതിനുശേഷമായിരിക്കും പാറക്ഷണങ്ങൾ കാണപ്പെടുന്നത്. ജോലി നടന്നുകൊണ്ടിരിക്കുമ്പോൾ ഇങ്ങനെ പാറക്ഷണങ്ങൾ ഉള്ളതുകൊണ്ടുണ്ടാകുന്ന പ്രഷർമൂലം ഈ അപകടം ഉണ്ടാകുന്നതാണ്. ഇതിനു പ്രത്യേകം ഒന്നും ചെയ്യാൻ നിവൃത്തിയില്ല. പാറ എവിടെയുണ്ടെന്നു നേരത്തെ അറിയാൻ നിവൃത്തിയില്ല.

ടി. ബി. ക്ലിനിക്കുകൾ.

* 396. [3] †ശ്രീ. ടി. ഒ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിൽ എത്ര ടി. ബി. ക്ലിനിക്കുകൾ ഉണ്ട് ;

(ബി) ആലുവായിൽ പണി പൂർത്തിയാകാറായ ടി. ബി. ക്ലിനിക്കിനു ആവശ്യമായ ഉപകരണങ്ങളും എക്സ്റേ യൂണിറ്റും നൽകാനുള്ള നടപടി ഉടനടി എടുക്കുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻനായർ) :

(എ) ഇപ്പോൾ 2 എണ്ണം.

(ബി) എടുക്കാം.

ശ്രീ. പി. ആർ. ഫ്രാൻസിസ് : തൃശ്ശൂർ ജില്ലയിലെ ടി. ബി. ക്ലിനിക്കിൽനിന്നു രണ്ടുമാസത്തിനുമുൻപ് എല്ലാ രോഗികളെയും പുറത്താക്കിയതായി അറിയുന്നു, അതിനു പ്രത്യേക കാരണമുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : പ്രത്യേകം ചോദിച്ചാൽ മാത്രമേ കൃത്യമായിട്ടു ഉത്തരം പറയാൻ നിവൃത്തിയുള്ളൂ ; കെട്ടിടം അപകടനിലയിൽ ആയതുകൊണ്ടാണെന്നാണ് എന്റെ അറിവ്.

ശ്രീ. പി. ആർ. ഫ്രാൻസിസ് : രോഗികൾക്ക് പ്രവേശനത്തിനു മറ്റു സൗകര്യം ചെയ്തുകൊടുത്തിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ചെയ്തിട്ടുണ്ടായിരിക്കും.

ഡാക്ടർ കെ. എം. ചാക്കോ : താലൂക്ക് ഹെഡ്ക്വാർട്ടേഴ്സു ആശുപത്രികളിൽ ഓരോ ടി. ബി. ക്ലിനിക്കു ആശുപത്രി സ്ഥാപിക്കണമെന്നുള്ള ഗവണ്മെന്റ് നയം എത്രമാത്രം പ്രയോഗത്തിൽ വരുത്തിയിട്ടുണ്ട് ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഇപ്പോൾ ആകെ 14 ടി. ബി. ക്ലിനിക്കുകളാണുള്ളത്. ഇപ്പോൾ 6 എണ്ണത്തിന്റെ പണി നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. എം. കൃഷ്ണൻ : വടകര ടി. ബി. ക്ലിനിക്കിന്റെ പണി പൂർത്തിയായിരിക്കുകയാണ്. ആവശ്യമുള്ള സ്റ്റാഫിനെ നൽകാൻ നടപടി നടത്തുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അതിനു വേണ്ട നടപടി നടന്നുവരികയാണ്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : കൊയിലാണ്ടി ടി. ബി. കെട്ടിടത്തിന്റെ പണിതീർന്നെങ്കിലും വാട്ടർസപ്ലൈ, ഇലക്ട്രിസിറ്റി കണക്ഷൻ മുതലായ ജോലികൾ ബാക്കിയുണ്ട്. അതിന്റെ ജോലി വേഗം പൂർത്തിയാക്കാൻ വേണ്ടതുചെയ്യുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അതിന്റെ പണി അടുത്തകാലത്താണ് പൂർത്തിയായതെന്നു തോന്നുന്നു. ബാക്കി പണികൾ നടത്താൻ ആവശ്യമായ നടപടി എടുത്തിട്ടുണ്ട്.

†Put by Shri P. R. Francis.

LIBRARY ARCHIVES Kerala Legislative Assembly